(ബി) പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ; ഏതെല്ലാം ആവശ്യങ്ങൾ അനുവദിച്ചു ;

(സി) ഏതെല്ലാം ആവശ്യങ്ങൾ നിരാകരിച്ചു ; ഇതിന് കാരണമെന്ത് ?

ഉത്തരം

(എ) 3-3-1991-ാം തീയതി വച്ചുള്ള ഒരു നിവേദനം 6-3-1991-ൽ ലഭിച്ചിട്ടുണ്ട്.

(ബി, സി) ആവശ്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുകയാണ്. പരിശോധനയ്ക്കുശേഷം യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

പാലക്കാട് വിമൻസ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് സഹകരണ സംഘത്തിന് സാങ്കേതിക സഹായം

17. [2272] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരാതിർത്തിയിൽ 1-ാം വാർഡിൽ കൽപ്പാത്തിയിൽ പാലക്കാട് വിമൻസ് ഇൻഡസ്ട്രിയൽ വർക്കുഷോപ്പ് സഹകരണസംഘം എത്ര വർഷമായി പ്രവർത്തിക്കുന്നു ;

(ബി) ഈ സംഘത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ട് ;

(സി) നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത സംഘത്തിന് സാമ്പത്തികവും മറ്റു സഹായങ്ങളും നൽകാതെ പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സംഘത്തിന് ആവശ്യമായ സഹായങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പാലക്കാട് വിമൻസ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് സഹകരണ സംഘാംഗങ്ങളെ ചന്ദനത്തിരി നിർമ്മാണത്തിൽ പരിശീലനം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യമായ സഹായങ്ങൾ നൽകി ബാംഗ്ലൂരിൽ അയയ്ക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നു വർഷമായി പ്രവർത്തിക്കുന്നു.

(ബി) ഷെയർ പാർട്ടിസിപ്പേഷൻ, ബിൽഡിംഗ് ഗ്രാൻറ്, എക്യുപ്മെൻറ് ഗ്രാൻറ്, മാനേജീരിയൽ ഗ്രാൻറ്, ടെക്നിക്കൽ എക്സ്പേർട്ട്സ് ഗ്രാൻറ് എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(സി) ഷെയർ പാർട്ടിസിപ്പേഷൻ ഇനത്തിൽ 19,200 രൂപ കൊടുത്തിട്ടുണ്ട്. സംഘത്തിന് സ്വന്തമായി കെട്ടിടമോ, യന്ത്രസാമഗ്രികളോ ഇല്ല. കൂടാതെ എക്സ്പേർട്ട്, മാനേജർ എന്നീ തസ്തികകളിലേക്ക് യോഗ്യരായവരെ നിയമിക്കുന്നതിനുള്ള അപേക്ഷ നാളിതുവരെ കിട്ടിയിട്ടില്ല.

* അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലഭ്യമായ അപേക്ഷകളിൻമേൽ സാമ്പത്തിക സഹായങ്ങൾ നൽകാതെ പോയിട്ടില്ല.

(ഇ) അർഹതയുള്ള എല്ലാ സഹായങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അഞ്ചുപേർക്ക് ബാംഗ്ലൂരിൽ സംഘത്തിന്റെ ചിലവിൽ പരിശീലനം നേരത്തെ നൽകിയിട്ടുണ്ട്. സർക്കാർ ചിലവിൽ ഇത്തരം പരിശീലനം കൊടുക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

കയർ തൊഴിലാളികൾക്ക് പെൻഷൻ

18. [2276] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987 മുതൽ സംസ്ഥാനത്തെ എത്ര കയർത്തൊഴിലാളികൾക്ക് സർക്കാർ പെൻഷൻ നൽകി ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) 1987 മുതൽ 1991 ഫെബ്രുവരിമാസം വരെ ഈ ഇനത്തിൽ വിതരണം ചെയ്തതു പ്രതിവർഷം എത്രയെന്നു ജില്ല തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 20,985 കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള പെൻഷൻ വിതരണത്തിന്റെ കണക്ക് ചുവടെ കൊടുത്തിരിക്കുന്നു.

	ജില്ല	പെൻഷൻ വിതരണം ചെയ്തത്
1.	തിരുവനന്തപുരം	2166
2.	കൊല്ലം	3548
3	ആലപ്പുഴ	10781
4.	കോട്ടയം	715
5.	എറണാകുളം	1315
6.	തൃശ്ശൂർ	304
7.	മലപ്പുറം	350
8.	കോഴിക്കോട്	1631
9.	കണ്ണൂർ	136
10.	കാസർകോഡ്	39

(സി) 1989 ഫെബ്രുവരിയിലാണ് കയർ തൊളിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. പ്രതിവർഷം വിതരണം ചെയ്ത തുക ചുവടെ കൊടുത്തിരിക്കുന്നു.

വർഷം	തുക
1988-89	57,600 രൂപ
1989-90	17,24,000 ,,
1990-91	42,43,000 ,,
ആകെ	60,24,600

ജില്ല തിരിച്ചുള്ള തുക വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly